ഗ്രാമ ന്യായാലയം മതിലകം, എറിയാട്
സാന്നിദ്ധ്യം: ശ്രീമതി. അപർണ ഉദയകുമാർ, ന്യായാധികാരി
തിയ്യതി: 2025 നവംബർ 27, വ്യാഴം (1947 ആഗ്രഹായണം 6)

# CMP 404/2025 IN MC 39/2025

| | | |
|---|---|---|
| ഹർജിക്കാരി | : | സയ്യീദ പി.കെ., 59 വയസ്, W/0 മുഹമ്മദ് ഹുസൈൻ, മഠത്തിപ്പറമ്പിൽ ഹൗസ്, മാടവന പോസ്റ്റ്, എറിയാട് വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ – 680 666. (അഡ്വ: ബാബു കറുകപ്പാടത്ത്) |
| എതിർകക്ഷി | : | മുഹമ്മദ് ഹുസൈൻ, 67 വയസ്, S/0 അബ്ദുൾ റഹ്മാൻ, മഠത്തിപ്പറമ്പിൽ ഹൗസ്, മാടവന പോസ്റ്റ്, എറിയാട് വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്, തൃശ്ശൂർ – 680 666. |
| വകുപ്പ് | : | ഗാർഹിക പീഡനത്തിനുള്ള സ്ത്രീ സംരക്ഷണ നിയമം 2005, 23–ാം വകുപ്പ് |

## ഇടക്കാല ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 23–ാം വകുപ്പ് പ്രകാരം ഹർജികക്ഷി ഇടക്കാല ആശ്വാസം ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയാണിത്.

2. കേട്ടു. സത്യവാങ്മൂലവും അപേക്ഷയും പരിശോധിച്ചു, എതിർകക്ഷി ഗാർഹിക പീഡനപ്രവർത്തികൾ ചെയ്തതോ അല്ലെങ്കിൽ ചെയ്യുന്നതോ അല്ലെങ്കിൽ ചെയ്യാൻ സാധ്യത ഉള്ളതോ ആയ ഒരു പ്രഥമദൃഷ്ട്യാ കേസ് ഹർജികക്ഷി സമർപ്പിച്ചതിൽ ഞാൻ സംതൃപ്തയാണ്. ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് നോട്ടീസ് നൽകിയാൽ കാലതാമസം കാരണം ഹർജിയുടെ ഉദ്ദേശം പരാജയപ്പെട്ടേക്കാം. വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ ഗാർഹിക പീഡനം തടയുന്നതിന് ഒരു ഇടക്കാല ഉത്തരവ് ആവശ്യമാണെന്നതിന് ഞാൻ സംതൃപ്തയാണ്. അതിനാൽ ഈ ഹർജി തീർപ്പാക്കുന്നതുവരെ ഇനിപ്പറയുന്ന രീതിയിൽ ഈ ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുന്നു.

**എതിർകക്ഷിയെ ഇതിനാൽ തടഞ്ഞിരിക്കുന്നു:–**

i. ഹർജിക്കാരിയെ, എതിർകക്ഷി യാതൊരു തരത്തിലുള്ള ശാരീരികമോ മാനസികമോ ആയ ഗാർഹിക അതിക്രമങ്ങൾ ചെയ്തു പോകരുതെന്ന് എതിർ കക്ഷിയെ വിലക്കി ഉത്തരവായിരിക്കുന്നു;

3. ഹർജിയിൽ ആവശ്യപ്പെട്ട ബാക്കി നിവൃത്തികൾ ഇരുഭാഗവും കേട്ട ശേഷം പരിഗണിക്കും.

4. എതിർകക്ഷിക്ക് എക്സ്പാർട്ടി ഇടക്കാല ഉത്തരവിന്റെ പകർപ്പ് സഹിതം നോട്ടീസ് അയക്കണം.

5. ഈ ഉത്തരവിൻെറ സൗജന്യ പകർപ്പ് ഹർജികക്ഷിക്കും Protection Officer–ക്കും കൈമാറുകയും ആവശ്യമെങ്കിൽ ഹർജികക്ഷിക്ക് ആവശ്യമായ സംരക്ഷണം നൽകാനും ഉത്തരവ് നടപ്പാക്കാനും ഈ ഉത്തരവിൻെറ പകർപ്പ് കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷന്റെ S.H.0 ക്കും നൽകേണ്ടതാണ്.

6. എതിർകക്ഷിക്ക് നോട്ടീസ് അയച്ചുവരാനായി 20-12-2025 ലേയ്ക്ക് മാറ്റിയിരിക്കുന്നു.,

(കോൺഫിഡൻഷ്യൽ അസിസ്റ്റൻറിനെക്കൊണ്ട് പറഞ്ഞ് എഴുതിക്കുകയും ടൈപ്പ് ചെയ്യിക്കുകയും, ഞാൻ തിരുത്തുകയും 27-11-2025 ന് കോടതിയിൽ ഉത്തരവായിരിക്കുന്നു.)

Sd/-
ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

//ശരിപകർപ്പ്//

ന്യായാധികാരി
ഗ്രാമന്യായാലയം മതിലകം

ഇതിലേക്ക് പകർത്തുക:-

1. Protection Officer
2. S.H.O കൊടുങ്ങല്ലൂർ പോലീസ് സ്റ്റേഷൻ
3. പരാതിക്കാരി
4. എതിർകക്ഷി

CMP 404/2025 IN MC 39/2025
Dated:27.11.2025